# മധുരമായ കുട്ടികളേ, ദൂര ദേശത്തുനിന്ന് അച്ഛൻ വന്നിരിക്കുകയാണ് ധർമ്മത്തിന്റേയും രാജ്യത്തിന്റേയും സ്ഥാപന ചെയ്യുന്നതിന്, എപ്പോഴാണോ ദേവതാ ധർമ്മമുള്ളത്, അപ്പോൾ രാജ്യവും ദേവതകളുടെതായിരിക്കും, വേറെ ഒരു ധർമ്മമോ രാജ്യമോ ഉണ്ടായിരിക്കുകയില്ല.

**ചോദ്യം:** സത്യയുഗത്തിൽ എല്ലാവരും പുണ്യാത്മാക്കളാണ്, യാതൊരു പാപാത്മാവുമുണ്ടായിരിക്കുകയില്ല, അതിന്റെ എന്താണ് അടയാളം?
**ഉത്തരം:** അവിടെ ഒരു തരത്തിലുള്ള കർമ്മഭോഗങ്ങളുമുണ്ടായിരിക്കുകയില്ല. ഇവിടെ അസുഖങ്ങളെല്ലാം തെളിയിക്കുന്നത് ആത്മാക്കൾ പാപങ്ങളുടെ ശിക്ഷ കർമ്മഭോഗത്തിന്റെ രൂപത്തിൽ അനുഭവിക്കുന്നു എന്നതാണ്, ഇതിനെത്തന്നെയാണ് ഭൂതകാലത്തെ കർമക്കണക്കുകളെന്ന് പറയുന്നത്.

**ചോദ്യം:** ബാബയുടെ ഏതൊരു സൂചനയെ ദീർഘവീക്ഷണമുള്ള കുട്ടികൾക്കു മാത്രമേ മനസ്സിലാക്കാൻ കഴിയൂ?
**ഉത്തരം:** ബാബ സൂചന നൽകുകയാണ് – കുട്ടികളേ, നിങ്ങൾ ബുദ്ധിയോഗത്തിന്റെ ഓട്ട മത്സരം നടത്തൂ. ഇവിടെ ഇരുന്നുകൊണ്ട് ബാബയെ ഓർമ്മിക്കൂ. സ്നേഹത്തോടെ ബാബയെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങൾ ബാബയുടെ കഴുത്തിലെ മാലയായി മാറും. നിങ്ങളുടെ സ്നേഹത്തിന്റെ അശ്രുക്കൾ മാലയിലെ മുത്തായി മാറും.

**ഗീതം:** വീണ്ടും ആ ദിവസം വന്നു ഇന്ന് . . . . . .

**ഓം ശാന്തി.** കുട്ടികൾ പാട്ടുകേട്ടു, പാട്ടിന്റെ അർത്ഥവും മനസ്സിലാക്കി. ഭാരതം വളരെ വലുതാണ്. മുഴുവൻ ഭാരതത്തേയും പഠിപ്പിക്കാൻ കഴിയുകയില്ല. ഇത് പഠിത്തമാണ് – കോളേജുകൾ തുറന്നുകൊണ്ടേയിരിക്കും. ഇതാണ് പരിധിയില്ലാത്ത അച്ഛന്റെ യൂണിവേഴ്സിറ്റി. ഇതിനെയാണ് പറയുന്നത് – പാണ്ഡവ ഗവണ്മന്റ്. ഗവണ്മന്റെന്നു പറയുന്നത് സ്വരാജ്യത്തെയാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കുകാണ് – സ്വരാജ്യത്തിന്റെ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണെന്ന് – ധർമ്മവും രാജ്യവും. *റിലീജിയോ പൊളിറ്റിക്കൽ* (ധാർമ്മിക രാജ്യം). . . . . ദേവീ ദേവതാ ധർമ്മത്തിന്റെ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്, വേറെ ഒരു ധർമ്മത്തിനും രാജ്യഭരണം സ്ഥാപിക്കാൻ കഴിയുകയില്ല. അവർ കേവലം ധർമ്മം സ്ഥാപിക്കുന്നു. ബാബ പറയുന്നു – ഞാൻ ദേവി–ദേവതാ ധർമ്മവും രാജ്യഭരണവും സ്ഥാപിക്കുന്നു, അതുകൊണ്ടാണ് *റിലീജിയോ പൊളിറ്റിക്കൽ* എന്നു പറയുന്നത്. കുട്ടികൾ വളരെ ദീർഘവീക്ഷണമുള്ളവരായി മാറണം. ബാബ ദൂരദേശത്തുനിന്ന് വന്നിരിക്കുകയാണ്. നിങ്ങൾ ആത്മാക്കളും ദൂരദേശത്തുനിന്നു തന്നെയാണ് വരുന്നത്. പുതിയ ധർമ്മം ആരാണോ സ്ഥാപിക്കാൻ വരുന്നത് – അവരുടെ ആത്മാക്കളും ദൂരദേശത്തുനിന്നു തന്നെയാണ് വരുന്നത്. അവർ ധർമ്മ സ്ഥാപകരാണ്, ഇത് ധർമ്മത്തിന്റേയും രാജ്യത്തിന്റെയും സ്ഥാപകനെന്നാണ് പറയുക. ഭാരതത്തിൽ സ്വരാജ്യമുണ്ടായിരുന്നു. മഹാരാജാവും മഹാറാണിയുമുണ്ടായിരിന്നു. മഹാരാജാ ശ്രീ നാരായണൻ, മഹാറാണി ശ്രീ ലക്ഷ്മി. നിങ്ങൾ കുട്ടികളിപ്പോൾ പറയും ഞങ്ങൾ ശ്രീമതപ്രകാരം നടന്നുകൊണ്ടിരിക്കുകയാണ്. ബാബയെ മുഴുവൻ ഭാരതവാസികളും വിളിച്ചുകൊണ്ടിരിക്കുകയാണ്, വരൂ, വന്ന് പഴയ ലോകത്തെ പരിവർത്തനപ്പെടുത്തി പുതിയ സുഖത്തിന്റെ ലോകത്തിന്റെ സ്ഥാപന ചെയ്യൂ. പഴയ വീടും പുതിയ വീടും തമ്മിൽ വ്യത്യാസമുണ്ടാകുമല്ലോ. ബുദ്ധിയിൽ പുതിയ വീടിന്റെയായിരിക്കും ഓർമ്മയുണ്ടായിരിക്കുക. ഇന്നത്തെ കാലത്ത് കെട്ടിടങ്ങൾ വളരെ ഫാഷനോടുകൂടെയുണ്ടാക്കുന്നു. ചിന്തിച്ചുകൊണ്ടേയിരിക്കുന്നു – അങ്ങിനെയും ഇങ്ങിനെയുമൊക്കെ ഉണ്ടാക്കണമെന്ന്. നിങ്ങൾ കുട്ടികൾക്കറിയാം നാം നമ്മുടെ ധർമ്മവും രാജ്യവും സ്ഥാപന ചെയ്തുകൊണ്ടിരിക്കുകയാണ്. സ്വർഗ്ഗത്തിൽ നാം രത്നങ്ങളും വജ്രങ്ങളും പതിച്ച കൊട്ടാരങ്ങൾ നിർമ്മിക്കും. മറ്റു ധർമ്മത്തിൽപ്പെട്ടവർ ഇങ്ങിനെ ചിന്തിക്കുകയില്ല. ഏതുപോലെ ക്രിസ്തു ക്രിസ്റ്റ്യൻ ധർമ്മത്തിന്റെ സ്ഥാപന ചെയ്യാൻ വന്നു, ആ സമയത്ത് അങ്ങിനെ ചിന്തിച്ചിരുന്നില്ല, അഭിവൃദ്ധിയുണ്ടാകുമ്പോൾ ക്രിസ്റ്റ്യൻ ധർമ്മമെന്ന പേരു വെക്കുമെന്ന്. ഇസ്ലാം ധർമ്മം മുതലായതിന്റെ പേരോ അടയാളമോ ഉണ്ടാവില്ല. നിങ്ങളുടെ അടയാളം തുടക്കം മുതൽ ഇപ്പോൾ വരെയും നടന്നുകൊണ്ടേയിരിക്കുന്നു. ലക്ഷ്മി–നാരായണന്റെ ചിത്രമുണ്ട് – ഇതും അറിയാം ഇവരുടെ രാജ്യം സത്യയുഗത്തിലായിരുന്നു. നിങ്ങൾക്ക് ഈ ജ്ഞാനം അവിടെയുണ്ടായിരിക്കില്ല ആരാണ് ഇതിനു മുന്നെ രാജ്യം ഭരിച്ചിരുന്നതെന്നും ഇനി ആരുടെ രാജ്യമാണുണ്ടാകാൻ പോകുന്നതെന്നും. കേവലം വർത്തമാനത്തെ മാത്രമേ അറിയൂ. ഇപ്പോൾ നിങ്ങൾ ഭൂതം, വർത്തമാനം, ഭാവി എല്ലാം അറിയുന്നു. ആദ്യമാദ്യം

നമ്മുടെ ധർമ്മമാണുണ്ടായിരുന്നത്, പിന്നീടാണ് മറ്റു ധർമ്മങ്ങളെല്ലാം വരുന്നത്. സംഗമത്തിലാണ് ബാബ യിരുന്ന് ഈ കാര്യങ്ങളെല്ലാം പറഞ്ഞുതരുന്നത്. നിങ്ങളിപ്പോൾ ത്രികാല ദർശികളായിരിക്കുകയാണ്. സത്യയുഗത്തിൽ ത്രികാല ദർശികളാകുകയില്ല. അവിടെ രാജ്യം ഭരിച്ചുകൊണ്ടിരിക്കും, വേറെ ധർമ്മങ്ങ ളുടെ പേരോ അടയാളമോ ഉണ്ടായിരിക്കുകയില്ല. നിങ്ങൾ ആഹ്ളാദത്തിൽ രാജ്യഭരണം നടത്തിക്കൊ ണ്ടിരിക്കും.

ഇപ്പോൾ നിങ്ങൾ മുഴുവൻ ചക്രത്തേയും മനസ്സിലാക്കുന്നു. മനുഷ്യരിതു മനസ്സിലാക്കുന്നില്ല ഇവിടെ തീർച്ചയായും ദേവി-ദേവതാ ധർമ്മമുണ്ടായിരുന്നുവെന്ന്. ഇത് ആരാണ് സ്ഥാപിച്ചത്, എത്ര സമയം നടന്നു - ഇതൊന്നും തന്നെ അറിയുകയില്ല. നിങ്ങൾക്കറിയാം സത്യയുഗത്തിൽ ഇത്ര ജന്മം രാജ്യം ഭരി ച്ചു, ത്രേതായിൽ ഇത്ര ജന്മമെടുത്തു. ഇവർക്കും ഇതറിയേണ്ടതായി വരും. കുട്ടികൾക്കറിയാം തീർച്ച യായും പരിധിയില്ലാത്ത ബാബ നമ്മളെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾക്കറിയാം ഇത് കൃഷ്ണന്റെ ആത്മാവിന്റെ വളരെ ജന്മങ്ങളുടെ അവസാന ജന്മമാണ്, ഇതിൽ തന്നെയാണ് വന്ന് പ്രവേശിക്കുന്നത്. ഇദ്ദേഹത്തിന്റെ പേര് ബ്രഹ്മാവെന്നു തിർച്ചയായും വേണം. ബ്രഹ്മാവിൽ നിന്ന് വിഷ്ണു, വിഷ്ണുവിൽ നിന്ന് ബ്രഹ്മാവ്. ത്രിമൂർത്തിയുടെ ഈ ജ്ഞാനം വളരെ സഹജമാണ്. ഇത് നിരാകാരനായ ശിവ പിതാ വ്, ഇദ്ദേഹത്തിൽ നിന്നു തന്നെയാണ് സമ്പത്ത് ലഭിക്കുന്നത്. നിരാകാരനിൽ നിന്ന് സമ്പത്തെങ്ങിനെ ലഭിച്ചു - ഇപ്പോൾ പ്രജാപിതാ ബ്രഹ്മാവിലൂടെ ബ്രാഹ്മണനായി മാറിക്കൊണ്ടിരിക്കുകയാണ്. പിന്നീട് ആ ദേവതകൾ തന്നെ 84 ജന്മങ്ങളെടുത്ത് ബ്രാഹ്മണരായി മാറുന്നു. ഈ ചക്രം ബുദ്ധിയിലുണ്ടായിരിക്കണം. നമ്മൾ തന്നെയായിരുന്നു ബ്രാഹ്മണർ, ബ്രഹ്മാവിന്റെ കുട്ടികൾ തന്നെ രുദ്രന്റെ (ശിവന്റെ) കുട്ടികൾ. നാം ആത്മാക്കൾ നിരാകാരി കുട്ടികളാണ്. ബാബയെ ഓർമ്മിക്കുന്നു. ഈ ചിത്രങ്ങളിലൂടെ പറഞ്ഞുകൊടു ക്കുന്നത് വളരെ സഹജമാണ്. തപസ്യ ചെയ്തുകൊണ്ടിരിക്കുകയാണ്, പിന്നീട് സത്യയുഗത്തിൽ വരും. നിങ്ങളുടെ ബുദ്ധിയിലുണ്ടായിരിക്കണം - നാം മനുഷ്യനിൽ നിന്ന് ദേവതയായി മാറിക്കൊണ്ടിരിക്കുകയാ ണ്. പിന്നീട് ദേവതാ ധർമ്മത്തിന്റെ ചക്രവർത്തിയായി രാജ്യം ഭരിക്കും. യോഗം കൊണ്ടേ നിങ്ങളുടെ വികർമ്മ വിനാശം നടക്കുകയുള്ളൂ. ഇപ്പോഴും പാപം ചെയ്തുകൊണ്ടിരിക്കുകയാണെങ്കിൽ എന്തായി ത്തീരും. യാത്രയിൽ പോകുമ്പോൾ പാപം ചെയ്യാറില്ല. പവിത്രമായും ഇരിക്കുന്നു. മനസ്സിലാക്കുക യാണ് ദേവതകളുടെയടുക്കൽ പോകുകയാണ്. ക്ഷേത്രങ്ങളിലും എപ്പോഴും കുളിച്ചാണ് പോകുന്നത്. എന്തുകൊണ്ടാണ് കുളിക്കുന്നത്? ഒന്നാമതായി വികാരത്തിൽ പോകുന്നു, രണ്ടാമതായി മലമൂത്ര വിസ ർജ്ജനം മുതലായതിന് പോകുന്നു. പിന്നീട് ശുദ്ധമായി ദേവതകളുടെ ദർശനത്തിനായി പോകുന്നു. യാത്രയിൽ ഒരിക്കലും പതിതമായി മാറാറില്ല. നാലു ധാമങ്ങളുടേയും പ്രദക്ഷിണം പവിത്രമായാണ് ചെയ്യു ന്നത്. അപ്പോൾ പവിത്രതയാണ് മുഖ്യമായിട്ടുള്ളത്. ദേവതകളും അപവിത്രമാകുകയാണെങ്കിൽ പിന്നെ എന്താണ് വ്യത്യാസം. ദേവതകൾ പാവനമാണ്, നമ്മൾ പതിതമാണ്. നിങ്ങൾ കുട്ടികൾക്കറിയാം ബാബ നമ്മെ ബ്രഹ്മാവിലൂടെ ദത്തെടുത്തിരിക്കുകയാണ്. വാസ്തവത്തിൽ നിങ്ങളെല്ലാവരും എന്റെ കുട്ടികളാണ്, പക്ഷെ നിങ്ങളെ എങ്ങിനെ പഠിപ്പിക്കും? എങ്ങിനെ രാജയോഗം പഠിപ്പിക്കും? നിങ്ങൾ മധുര-മധുരമായ കുട്ടികളെ എങ്ങിനെ സ്വർഗ്ഗത്തിന്റെ അധികാരികളാക്കി മാറ്റും? നിങ്ങൾക്കറിയാം ബാബ പുതിയലോക ത്തിന്റെ സ്ഥാപന ചെയ്യുകയാണ്. എങ്കിൽ തീർച്ചയായും ഭഗവാൻ കുട്ടികളെ യോഗ്യരാക്കിമാറ്റി സമ്പത്ത് നൽകും. എവിടെ യോഗ്യരാക്കി മാറ്റും? സംഗമയുഗത്തിൽ. ബാബ പറയുന്നു - ഞാൻ സംഗമയുഗത്തി ലാണ് വരുന്നത്. കലിയുഗത്തിൽ ശൂദ്ര ധർമ്മമാണ്. സത്യയുഗത്തിൽ ദേവതാ ധർമ്മമാണ്. ഇത് ബ്രാഹ്മണ ധർമ്മമാണ്. ഈ സംഗമയുഗം വളരെ ചെറുതാണ്. ഇപ്പോൾ നിങ്ങൾ മുഴുവൻ ചക്രത്തേയും മനസ്സിലാ ക്കി. ദീർഘവീക്ഷണമുള്ളവരായി മാറിയിരിക്കുകയാണ്.

നിങ്ങൾ കുട്ടികൾക്കറിയാം ഇത് ബാബയുടെ രഥമാണ്, ഇതിനെ നന്ദീഗണമെന്നും പറയുന്നു. മുഴുവൻ ദിവസവും സവാരി ചെയ്തുകൊണ്ടിരിക്കുമോ. ആത്മാവ് ശരീരത്തിൽ മുഴുവൻ ദിവസവും ഇരിക്കുന്നു. വേർപെടുകയാണെങ്കിൽ പിന്നെ ശരീരം ഉണ്ടായിരിക്കുകയില്ല. ബാബയ്ക്കാണെങ്കിൽ വരികയും പോകു കയും ചെയ്യാം, കാരണം ആത്മാവ് വേറെയാണ്. അതുകൊണ്ട് ഇതിൽ സദാ ഇരിക്കുന്നില്ല, സെക്കന്റിൽ വരികയും പോകുകയും ചെയ്യുന്നു. എന്നെപ്പോലെ തീവ്രമായ വേറൊരു റോക്കറ്റുമില്ല. ഇന്നാണെങ്കിൽ റോക്കറ്റ്, ഏറോപ്ലെയിൻ മുതാലായ എന്തെല്ലാമാണുണ്ടാക്കിയിരിക്കുന്നത്. എന്നാൽ എല്ലാറ്റിനെക്കാളും തീവ്രമായത് ആത്മാവാണ്. നിങ്ങൾ ബാബയെ ഓർമ്മിക്കൂ - ബാബ എത്തി. ആത്മാവിന് കർമ്മക്കണ ക്കുകളനുസരിച്ച് ലണ്ടനിൽ ജന്മമെടുക്കണമെങ്കിൽ സെക്കന്റിൽ അവിടെപ്പോയി ഗർഭത്തിൽ പ്രവേശി ക്കും. അങ്ങിനെ ഏറ്റവും വേഗമേറിയത് ആത്മാവാണ്. ഇപ്പോൾ ആത്മാവിന് തന്റെ വീട്ടിലേയ്ക്ക് പോകാൻ കഴിയുകയില്ല കാരണം അതിന് ഇപ്പോൾ ശക്തിയില്ല. ക്ഷീണിച്ചിരിക്കുകയാണ്, പറക്കാൻ കഴി യുകയില്ല. ആത്മാവിൽ പാപത്തിന്റെ വളരെയധികം ഭാരമുണ്ട്, ശരീരത്തിൽ എന്തെങ്കിലും അഴുക്കുണ്ടെ

ങ്കിൽ അത് അഗ്നി കൊണ്ട് ശുദ്ധമാക്കാം, എന്നാൽ ആത്മാവിൽ തന്നെയാണ് അഴുക്ക് പറ്റുന്നത്. അതു കൊണ്ട് ആത്മാവ് തന്നെയാണ് കർമ്മക്കണക്കുകൾ ഒപ്പം കൊണ്ടുപോകുന്നത്, ഇതിനെയാണ് പറയുന്നത് മുൻജന്മ പാപങ്ങൾ. ആത്മാവ് സംസ്ക്കാരത്തിൽ കൊണ്ടുപോകുന്നു. ഏതെങ്കിലും ജന്മത്തിൽ മുടന്തനാണെങ്കിൽ പറയപ്പെടും, മുൻ ജന്മത്തിൽ അങ്ങിനെയുള്ള കർമ്മം ചെയ്തിട്ടുണ്ട്. ജന്മ–ജന്മാന്തരങ്ങളിലെ കർമ്മ കണക്കുകളാണനുഭവിക്കേണ്ടി വരുന്നത്. സത്യയുഗത്തിലാണെങ്കിൽ പുണ്യ ആത്മാക്കളാണ്. ഇവിടെയാണെങ്കിൽ എല്ലാവരും പാപാത്മാക്കളാണ്. ഈ കാര്യങ്ങളൊന്നും അവിടെയില്ല. സന്യാസികൾക്കും അംഗ വൈകല്യങ്ങളുണ്ടെങ്കിൽ പറയും കർമ്മഭോഗമാണ്. എന്തുകൊണ്ടാണ് ശ്രീ ശ്രീ 108 ജഗത്ഗുരുവിനും കർമ്മഭോഗം? ദേവതകളെക്കുറിച്ച് അങ്ങിനെ പറയുകയില്ല. ഗുരു മരിക്കുകയാണെങ്കിൽ തീർച്ചയായും അനുയായികൾക്ക് ദു:ഖമുണ്ടാകും. അച്ഛനിലും വളരെ സ്നേഹമുണ്ടെങ്കിൽ കുട്ടികൾ കരയും. സ്ത്രീക്ക് പതിയോട് വളരെ സ്നേഹമുണ്ടെങ്കിൽ കരയും. മോഹമില്ലായെങ്കിൽ മനസ്സിലാക്കും എന്റെ യോഗം. നിങ്ങൾക്കും ബാബയോട് വളരെ സ്നേഹമുണ്ട്. അവസാനം ബാബ പോകും – നിങ്ങൾ പറയും അയ്യോ! ബാബ പോയി, നമുക്കെത്ര സുഖം നൽകിയതായിരുന്നു! അവസാനം വളരെ പേരുണ്ടാകും. ബാബയോട് വളരെ സ്നേഹമുണ്ടായിരിക്കും. നിങ്ങൾ പറയും നമുക്ക് രാജ്യം നൽകി ബാബ പോയി. സ്നേഹത്തിന്റെ അശ്രുക്കൾ വരും, ദു:ഖത്തിന്റെയല്ല. ഇവിടെയും കുട്ടികൾ വളരെ കാലത്തിനു ശേഷം ബാബയെ വന്നു കാണുമ്പോൾ സ്നേഹത്തിന്റെ കണ്ണുനീർ വരുന്നു. ഈ സ്നേഹത്തിന്റെ കണ്ണുനീർ തുള്ളികൾ പിന്നീട് മാലയിലെ മുത്തുകളായി മാറും. നമ്മുടെ പുരുഷാർത്ഥം തന്നെ നമുക്ക് ബാബയുടെ കഴുത്തിലെ മാലയിലെ മുത്തായി മാറുന്നതിനു വേണ്ടിയുള്ളതാണ്, അതുകൊണ്ട് ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കുകയാണ്. ബാബയുടെ നിർദ്ദേശമാണ് – ഓർമ്മയുടെ യാത്രയിലിരുന്നുകൊണ്ടിരിക്കൂ. കുട്ടികളെ ഓടിപ്പിക്കാറുണ്ടല്ലോ, ഇന്ന സ്ഥാനം തൊട്ടുവരൂ എന്ന് പറഞ്ഞ് അതേപോലെ, എന്നാലും എല്ലാവരും നമ്പർവാറാണ്. ഇവിടെയും ആരാണോ ബാബയെ അധികം ഓർമ്മിക്കുന്നത്, ആരാണോ ആദ്യം ഓടി മുന്നിലെത്തുന്നത് അവർ തന്നെയായിരിക്കും തിരിച്ച് സ്വർഗ്ഗത്തിലും വന്ന് രാജ്യം ഭരിക്കുക. നിങ്ങളാത്മാക്കളെല്ലാം ബുദ്ധിയോഗം കൊണ്ട് ഓടിക്കൊണ്ടിരിക്കുകയാണ്. നമ്മളെല്ലാവരും ശിവ ബാബയുടെ കുട്ടികളാണ്. ബാബ സൂചന നൽകുന്നു – എന്നെ ഓർമ്മിക്കൂ, ദീർഘവീക്ഷണമുള്ളവരായിരിക്കൂ. ഇപ്പോൾ ഈ അന്യലോകം വിനാശം പ്രാപിക്കും. ഈ സമയത്ത് നിങ്ങൾ രാവണന്റെ രാജ്യത്തിലാണ്, ഈ ഭൂമി രാവണന്റെയാണ്. പിന്നീട് നിങ്ങൾ പരിധിയില്ലാത്ത അച്ഛന്റെ ഭൂമിയിൽ വരും. അതാണ് രാമരാജ്യം. രാമരാജ്യം ബാബയാണ് സ്ഥാപന ചെയ്യുന്നത്. പിന്നീട് അരക്കല്പത്തിനുശേഷം ഡ്രാമയനുസരിച്ച് രാവണ രാജ്യം നിശ്ചയിക്കപ്പെട്ടതാണ്. ഈ കാര്യങ്ങളെല്ലാം നിങ്ങൾ കുട്ടികൾക്കു മാത്രമേ അറിയുകയുള്ളൂ അതുകൊണ്ട് നിങ്ങൾ ചോദ്യം ചോദിക്കുമ്പോൾ ആർക്കും ഉത്തരം പറയാൻ കഴിയുകയില്ല. ആരെങ്കിലും പറയുകയാണ് ആത്മാവിന്റെ അച്ഛൻ *ഗോഡ് ഫാദറാണ്*, ശരി, എങ്കിൽ നിങ്ങൾക്ക് എന്താണ് അദ്ദേഹത്തിൽ നിന്ന് ലഭിക്കുന്നത് എന്ന് ചോദിക്കണം? ഇത് പതിത ലോകമാണ്. ബാബ പതിത ലോകം രചിച്ചില്ലല്ലോ. ആർക്കെങ്കിലും പറഞ്ഞുകൊടുക്കാൻ വളരെ സഹജമാണ്. ചിത്രം കാണിച്ചുകൊടുക്കണം. ത്രിമൂർത്തിയുടെ ചിത്രം എത്ര നല്ലതാണ്. ഇത്രയും നിയമാനുസൃതം ശിവന്റെ ചിത്രം വേറെ എവിടെയുമില്ല. ബ്രഹ്മാവിന് താടിയും മീശയും കാണിക്കുന്നു. വിഷ്ണുവിനും ശങ്കരനും കാണിക്കുന്നില്ല. അവരെ ദേവതയാണെന്ന് മനസ്സിലാക്കുന്നു. ബ്രഹ്മാവാണെങ്കിൽ പ്രജകളുടെ പിതാവാണ്. ചിലർ അങ്ങിനെയും ഇങ്ങിനേയുമൊക്കെ ചിത്രങ്ങളുണ്ടാക്കിയിട്ടുണ്ട്. ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിൽ എല്ലാം ഉണ്ട്, മറ്റുള്ളവരുടെ ബുദ്ധിയിൽ ഇതൊന്നും വരില്ല, മൃഗങ്ങളെപ്പോലെയാണ്. രാവണനെ എന്തുകൊണ്ടാണ് കത്തിക്കുന്നത് – ഒന്നും തന്നെ അറിയില്ല. രാവണൻ ആരാണ്? എപ്പോളാണ് വന്നത്? പറയുകയാണ് അനാദി കാലം മുതൽക്കേ രാവണനെ കത്തിക്കുന്നു. നിങ്ങൾ മനസ്സിലാക്കുന്നു ഇത് അരക്കല്പത്തെ ശത്രുവാണ്. ലോകത്തിൽ അനേക തരത്തിലുള്ള അഭിപ്രായങ്ങളുണ്ട്, ആര് എന്തു പറഞ്ഞുവോ ആ പേര് വെക്കുന്നു. ചിലർ മഹാവീരൻ എന്ന പേരിടുന്നു. എന്നാൽ മഹാവീരനായി ഹനുമാനെയാണ് കാണിക്കുന്നത്. ഇവിടെ എന്തുകൊണ്ടാണ് ആദി ദേവ മഹാവീരൻ എന്ന പേരിട്ടിരിക്കുന്നത്? ക്ഷേത്രത്തിൽ മഹാവീരനും, മഹാവീരണിയും, നിങ്ങൾ കുട്ടികളും ഇരിക്കുന്നുണ്ട്. അവർ മായയുടെ മേൽ വിജയം പ്രാപ്തമാക്കി, അതുകൊണ്ട് മഹാവീരർ എന്ന് പറയപ്പെടുന്നു. നിങ്ങളും അനായാസമായാണ് നിങ്ങളുടെ സ്ഥാനത്ത് വന്നിരിക്കുന്നത്. ഇത് നിങ്ങളുടെ ഓർമ്മ ചിഹ്നങ്ങളാണ്. അത് ജഡമാണ്, എങ്കിലും ചിത്രം വെക്കേണ്ടി വരുന്നു, ചൈതന്യത്തിലുള്ളവരുടെ പക്കൽ വന്ന് മനസ്സിലാക്കുന്നതു വരേയും. ദിൽവാഡ ക്ഷേത്രത്തിന്റെ രഹസ്യം നല്ല രീതിയിൽ പറഞ്ഞുകൊടുക്കാൻ കഴിയും. ഇവർ പഠിച്ച് പോയവരാണ്, അതുകൊണ്ടാണ് ഭക്തിമാർഗ്ഗത്തിൽ ഓർമ്മചിഹ്നങ്ങൾ വെച്ചിരിക്കുന്നത്. നിങ്ങളുടെ രാജധാനി സ്ഥാപിക്കുന്നതിൽ വളരെ പരിശ്രമം വരുന്നുണ്ട്. ചീത്തയും കേൾക്കേണ്ടി വരുന്നുണ്ട്, എന്തുകൊണ്ടെന്നാൽ പീലി വെച്ച കിരീടധാരികളായി മാറണം. ഇപ്പോൾ നിങ്ങളെല്ലാവരും ചീത്ത കേൾക്കുന്നു. എറ്റവുമധികം എന്റെ നിന്ദയാണ് ചെയ്യുന്നത്, പിന്നെ പ്രജാപിതാ ബ്രഹ്മാവിനും നിന്ദ

യേകുന്നു. കൂട്ടുകാരും പരിചയക്കാരുമെല്ലാം പിണങ്ങിപ്പോകുന്നു. വിഷ്ണുവിനേയോ ശങ്കരനേയോ ചീത്ത വിളിക്കില്ല. ബാബ പറയുന്നു – ഞാൻ നിന്ദ കേൾക്കുന്നു. നിങ്ങളെന്റെ കുട്ടികളായി മാറി, അതു കൊണ്ട് നിങ്ങൾക്കും നിങ്ങളുടെ പങ്ക് എടുക്കേണ്ടി വരുന്നു. അല്ലെങ്കിൽ ഇദ്ദേഹം (ബ്രഹ്മാവ്) തന്റെ ബിസിനസ്സിലായിരുന്നു, നിന്ദ കേൾക്കേണ്ട യാതൊരു കാര്യവുമില്ലായിരുന്നു. ഏറ്റവും അധികം എന്നെ യാണ് നിന്ദിക്കുന്നത്. തന്റെ ധർമ്മത്തേയും കർമ്മത്തേയും മറന്നിരിക്കുകയാണ്. എത്രയാണ് പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുന്നത്! ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം തിരികെ കിട്ടിയ മധുരമധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യമായ സാരം –**

1. ദീർഘവീക്ഷണമുള്ളവരായി മാറണം. ഓർമ്മയുടെ യാത്രയിലൂടെ വികർമ്മങ്ങളുടെ വിനാശം ചെയ്യ ണം. യാത്രയിൽ യാതൊരു പാപകർമ്മങ്ങളും ചെയ്യരുത്.

2. മഹാവീരനായി മായയുടെ മേൽ വിജയം പ്രാപ്തമാക്കണം. നിന്ദയെ പേടിക്കേണ്ട, കളങ്കീധരനാകണം.

## വരദാനം – സർവ ശക്തികളുടെയും അനുഭവം ചെയ്തുകൊണ്ട് സമയത്ത് സിദ്ധി പ്രാപ്ത മാക്കുന്ന നിശ്ചിതവിജയിയായി ഭവിക്കട്ടെ

സർവ ശക്തികളാലും സമ്പന്നമായ നിശ്ചയബുദ്ധി കുട്ടികൾക്ക് വിജയം നിശ്ചിതം തന്നെ. ആരുടെയെ ങ്കിലും അടുക്കൽ ധനത്തിന്റെയോ, ബുദ്ധിയുടെയോ, സംബന്ധസമ്പർക്കത്തിന്റെയോ ശക്തിയുണ്ടാകു മ്പോൾ അവർക്ക് നിശ്ചയമുണ്ടാകുന്നു– ഇത് എത്ര വലിയ കാര്യമാണ്! താങ്കളുടെ കയ്യിലോ എല്ലാ ശക്തി കളുമുണ്ട്. ഏറ്റവും വലിയ ധനം അവിനാശി ധനം സദാ കൂടെയുണ്ട്, അപ്പോൾ ധനത്തിന്റെയും ശക്തിയു ണ്ട്, ബുദ്ധിയുടെയും സ്ഥാനത്തിന്റെയും ശക്തിയുണ്ട്. ഇവയെ ഉപയോഗിക്കുക മാത്രം ചെയ്യൂ, സ്വയത്തെ പ്രതി കാര്യത്തിലുപയോഗിക്കൂ, അപ്പോൾ സമയത്ത് വിധിയിലൂടെ സിദ്ധി പ്രാപ്തമാകും.

## സ്ലോഗൻ – വ്യർഥം കാണുന്നതിന്റെയോ കേൾക്കുന്നതിന്റെയോ ഭാരം സമാപ്തമാക്കുക തന്നെയാണ് ഡബിൾലൈറ്റാകുക.